# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/54/2017 <u>പത്രക്കുറിപ്പ്</u> 2017 മാർച്ച് 13

**പരീക്ഷാതീയതി**

മൂന്നാം സെമസ്റ്റർ എം.സി.എ ( പുതിയ സ്കീം- 2015 അഡ്മിഷൻ റഗുലർ/2011 മുതൽ 2014 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി അഫിലിയേറ്റഡ് കോളേജുകളിലെയും യൂണിവേഴ്സിറ്റി കോളേജ് ഓഫ് അപ്ലൈഡ് സയൻസിലെയും/ലാറ്ററൽ എൻട്രി-2016 അഡ്മിഷൻ റഗുലർ/2013 മുതൽ 2015 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 5 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 20 വരെയും 50 രൂപ പിഴയോടെ 21 വരെയും 500 രൂപ സൂപ്പർഫൈനോടെ 25 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ ഒരുപേപ്പറിനു 30 രൂപ (പരമാവധി 150) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

എറണാകുളം ഗവ : ലോ കോളേജിലെ ഒന്നു മുതൽ നാലു വരെ സെമസ്റ്റർ (പഞ്ചവത്സര) ബി.എ.എൽ-എൽ.എൽ.ബി (2011 ന് മുൻപുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 11 ന് ആരംഭിക്കും

**പരീക്ഷാഫലം**

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാംസെമസ്റ്റർ എം.എസ്സി. ഫുഡ് സയൻസ് ആന്റ് ടെക്നോളജി (സി.എസ്.എസ്- സപ്ലിമെന്ററി) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 22 വരെ സ്വീകരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാംസെമസ്റ്റർ എം.എസ്.സി ഫിഷറി ബയോളജി & അക്വാകൾച്ചർ (റഗുലർ /സപ്ലിമെന്ററി) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 23 വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. അറബിക് (സി.എസ്.എസ്-റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി)ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. എറണാകുളം മഹാരാജാസ് കോളേജിലെ മൂഹമ്മദ് സൂഹൈൽ കോമത്ത്, ഷാഫി.എ.എൻ എന്നിവർ ഒന്നും, അബ്ദുൾ വാലീദ്. പി രണ്ടും ഫർസാന.വി.ജെ, മൂന്നും സ്ഥാനങ്ങൾ നേടി സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 23 വരെ സ്വീകരിക്കും.

**പൊസിഷൻഹോൾഡേഴ്സ്**

2016 ജൂണിൽ നടത്തിയ എം.എസ്സി മാത്തമാറ്റിക്സ് (പി.ജി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയിൽ പാലാ സെന്റ് തോമസ് കോളേജിലെ റീത്താ തോമസ്, കോട്ടയം സി.എം.എസ് കോളേജിലെ ആര്യാ.വി.നായർ,കോട്ടയം ബി.സി.എം കോളേജിലെ ആരതി.പി.പൈ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും പൊസിഷൻ നേടി.

**ഇന്ത്യ - പാക്ക് ബന്ധം: ഏകദിന ശിൽപശാല എം.ജി. സർവ്വകലാശാലയിൽ**

എം.ജി. സർവ്വകലാശാല, രാജീവ് ഗാന്ധി ചെയർ ഫോർ പബ്ലിക് പോളിസ് സ്റ്റഡീസ്, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിന്റെ ആഭിമുഖ്യത്തിൽ **"ഇന്ത്യ-പാക്കിസ്ഥാൻ റിലേഷൻസ്"** എന്ന വിഷയത്തിൽ **സ്പെഷ്യൽ ലെക്ച്ചർ** മാർച്ച് 15-ന് രാവിലെ 10.30-ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു. സർവ്വകലാശാല വൈസ്-ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മുൻ കേന്ദ്രമന്ത്രിയും രാജ്യസഭാംഗവും പ്രശസ്ത എഴുത്തുകാരനുമായ ശ്രീ. മണിശങ്കർ അയ്യർ മുഖ്യ പ്രഭാഷണം നടത്തും. തദവസരത്തിൽ സുരേഷ് കുറുപ്പ്, എം.എൽ.എ. സദസ്സിനെ അഭിസംബോധന ചെയ്തു സംസാരിക്കുന്നതാണ്. പ്രോ-വൈസ്-ചാൻസലർ ഡോ. ഷീനാ ഷുക്കൂർ, സിൻഡിക്കേറ്റ് അംഗം കെ. ഷെറഫുദ്ദീൻ, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് വകുപ്പു മേധാവി ഡാ. എ.എം. തോമസ്, രാജീവ് ഗാന്ധി ചെയർ കോർഡിനേറ്റർ ഡോ. സി. വിനോദൻ തുടങ്ങിയവർ സംസാരിക്കും. ഉറി ഭീകരാക്രമണത്തിന്റെ വെളിച്ചത്തിൽ സാർക് ഉച്ചകോടി മാറ്റിവെച്ചതുമൂലം അന്താരാഷ്ട്ര തലങ്ങളിൽ ഉരിത്തിരിഞ്ഞ നീക്കങ്ങ

ളെപ്പറ്റി പ്രത്യേക ചർച്ചയുമുണ്ടാകും. അദ്ധ്യാപകർ, ഗവേഷണ വിദ്യാർത്ഥികൾ, മാധ്യമ പ്രവർത്തകർ തുടങ്ങിയവർക്കു പങ്കെടുക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**